# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 മേയ് 26

# വാർത്താക്കുറിപ്പ്

## മഹാത്മാഗാന്ധി സർവകലാശാല ആറാം സെമസ്റ്റർ ബിരുദ പരീക്ഷകൾ ജൂൺ ഒന്നിന് പുനരാരംഭിക്കും

**- രജിസ്റ്റർ ചെയ്ത വിദ്യാർഥികൾക്ക് നിലവിൽ താമസിക്കുന്ന ജില്ലയിൽ പരീക്ഷയെഴുതാം**

**- അഞ്ചാം സെമസ്റ്റർ യു.ജി. പ്രൈവറ്റ് പരീക്ഷകൾ ജൂൺ എട്ടു മുതൽ**

കോവിഡ് 19 വ്യാപനത്തെത്തുടർന്ന് മാറ്റിവച്ച മഹാത്മാഗാന്ധി സർവകലാശാല ആറാം സെമസ്റ്റർ ബിരുദ പരീക്ഷകൾ ജൂൺ ഒന്നിന് പുനരാരംഭിക്കാൻ തീരുമാനിച്ചു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെ അധ്യക്ഷതയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗത്തിലാണ് തീരുമാനം. ജൂൺ 1,3,5,6 തീയതികളിലായി ആറാം സെമസ്റ്റർ ബിരുദ പരീക്ഷകൾ പൂർത്തീകരിക്കും.

ലോക്ഡൗൺ മൂലം മറ്റു ജില്ലകളിൽ അകപ്പെട്ട വിദ്യാർഥികൾക്ക് നിലവിൽ താമസിക്കുന്ന ജില്ലയിൽ പരീക്ഷയെഴുതുന്നതിന് രജിസ്ട്രേഷൻ പൂർത്തീകരിച്ചിരുന്നു. രജിസ്റ്റർ ചെയ്തവർക്ക് നിലവിൽ താമസിക്കുന്ന ജില്ലയിലെ പരീക്ഷകേന്ദ്രത്തിൽ പരീക്ഷയെഴുതാൻ സൗകര്യമൊരുക്കും. ജൂൺ 8,9,10 തീയതികളിൽ പ്രാക്ടിക്കൽ പരീക്ഷകൾ അതത് കോളജുകളിൽ നടക്കും. പ്രൊജക്ട്, വൈവ എന്നിവ ഒരു ദിവസം കൊണ്ട് അതത് കേന്ദ്രങ്ങളിൽ പൂർത്തീകരിക്കും. ജൂൺ 12ന് പ്രാക്ടിക്കൽ പരീക്ഷകളുടെ മാർക്ക് സർവകലാശാലയ്ക്ക് നൽകണം. കോവിഡ് 19 വ്യാപന സാഹചര്യത്തിൽ പ്രാക്ടിക്കൽ പരീക്ഷകൾക്ക് ഇത്തവണ എക്സ്റ്റേണൽ എക്സാമിനർമാരെ നിയമിക്കില്ല. അതത് കോളജിലെ അധ്യാപകർക്കാണ് ചുമതല. ജൂൺ 11 മുതൽ ഹോംവാല്യുവേഷൻ രീതിയിൽ മൂല്യനിർണയം ആരംഭിക്കും.

അഞ്ചാം സെമസ്റ്റർ പ്രൈവറ്റ് ബിരുദ പരീക്ഷകൾ ജൂൺ 8,9,10,11,12 തീയതികളിലായി നടക്കും. രണ്ടാം സെമസ്റ്റർ ബിരുദ പരീക്ഷകൾ ജൂൺ 15ന് ആരംഭിക്കും. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഈ വർഷം രണ്ടാം സെമസ്റ്റർ ബിരുദ പരീക്ഷകളുടെ മൂല്യനിർണയം അതതു കോളജുകളിൽ നടത്താൻ തീരുമാനിച്ചു. കോളജിലെ മുതിർന്ന അധ്യാപകനെ പരീക്ഷചീഫായി നിയോഗിക്കും. ജൂൺ ഒന്നിന് പരീക്ഷ ആരംഭിക്കുന്നതിനാൽ കോളജുകൾ പരീക്ഷ നടത്തിപ്പിനാവശ്യമായ തയാറെടുപ്പുകൾ അടിയന്തരമായി നടത്തണമെന്ന് വൈസ് ചാൻസലർ അറിയിച്ചു. സർക്കാരിന്റെയും ആരോഗ്യവകുപ്പിന്റെയും നിർദേശങ്ങൾ കർശനമായി പാലിച്ചാണ് പരീക്ഷ നടത്തുക. ഇതിനായി കോളജുകൾക്ക് നിർദേശം നൽകും.

സർവകലാശാല അന്തർസർവകലാശാല കേന്ദ്രങ്ങളുടെ പ്രവർത്തനം പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി വിദഗ്ധസമിതിയെ നിയോഗിക്കും. സർവകലാശാലയിൽ ഐ.ടി. സെൽ തുടങ്ങും. ഇതിനായി കരാർ അടിസ്ഥാനത്തിൽ സിസ്റ്റം മാനേജർ, രണ്ട് പ്രോഗ്രാമേഴ്സ് എന്നിവരെ നിയോഗിക്കും. വിദ്യാർഥി പ്രവേശനവുമായി ബന്ധപ്പെട്ട് വിദ്യാർഥികളിൽനിന്നോ രക്ഷകർത്താക്കളിൽനിന്നോ അനധികൃതമായി ധനസമാഹരണം പാടില്ലെന്ന ഉത്തരവുകളും വ്യവസ്ഥകളും ലംഘിച്ച കൊച്ചിൻ കോളജ് മാനേജരെ നീക്കം ചെയ്യാൻ തീരുമാനിച്ചു. ഇതു സംബന്ധിച്ച് നിയോഗിച്ച അന്വേഷണകമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി.

## പ്രിൻസിപ്പൽമാരുമായി വീഡിയോ കോൺഫറൻസ്

പരീക്ഷ നടത്തിപ്പ് അടക്കമുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി മഹാത്മാഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള കോളജ് പ്രിൻസിപ്പൽമാരുമായി വൈസ് ചാൻസലർ ഉടൻ വീഡിയോ കോൺഫറൻസ് നടത്തും. സർവകലാശാലയ്ക്കു കീഴിലുള്ള പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം,

ആലപ്പുഴ എന്നിവിടങ്ങളിലെ കോളജ് പ്രിൻസിപ്പൽമാരുടെ വീഡിയോ കോൺഫറൻസ് ജില്ല തിരിച്ചാണ് നടക്കുക.

(പി.ആർ.ഒ/39/507/2020)

## സപ്ലിമെന്ററി,ബിവോക്കുകാർക്ക് താമസിക്കുന്ന ജില്ലയിൽ പരീക്ഷയെഴുതാം; രജിസ്ട്രേഷൻ ഇന്ന്

ലോക്ഡൗണിൽ കുടുങ്ങി കോളജിലെ പരീക്ഷകേന്ദ്രത്തിൽ എത്താൻ കഴിയാത്ത ആറാം സെമസ്റ്റർ സപ്ലിമെന്ററി, ബിവോക് വിദ്യാർഥികൾക്ക് നിലവിൽ താമസിക്കുന്ന ജില്ലയിൽ പരീക്ഷയെഴുതുന്നതിനായി ഇന്ന് (മേയ് 27) വൈകിട്ട് നാലുവരെ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. സർവകലാശാല വെബ്സൈറ്റിലെ (www.mgu.ac.in) എക്സാമിനേഷൻ രജിസ്ട്രേഷൻ ലിങ്കുവഴിയാണ് രജിസ്റ്റർ ചെയ്യേണ്ടത്. രജിസ്ട്രേഷന് പിന്നീട് അവസരം ലഭിക്കില്ലെന്ന് പരീക്ഷ കൺട്രോളർ അറിയിച്ചു.

(പി.ആർ.ഒ/39/508/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2020 മേയ് 26

## വാർത്താക്കുറിപ്പ് തിരുത്ത്

**ആറാം സെമസ്റ്റർ ബിരുദ പരീക്ഷകൾ ജൂൺ ഒന്നിന് പുനരാരംഭിക്കും എന്ന വാർത്തയിലെ നാലാം ഖണ്ഡികയിൽ ഐ.ടി. സെൽ തുടങ്ങും (ചുവപ്പ് നിറത്തിൽ) എന്ന വാക്യത്തെത്തുടർന്ന് വരുന്ന 'ഇതിനായി കരാർ അടിസ്ഥാനത്തിൽ സിസ്റ്റം മാനേജർ, രണ്ട് പ്രോഗ്രാമേഴ്സ് എന്നിവരെ നിയോഗിക്കും.' എന്ന വാക്യം ദയവായി ഒഴിവാക്കണമെന്നും ഈ തിരുത്തിയ ഈ വാർത്ത ഉപയോഗിക്കണമെന്നും അഭ്യർഥിക്കുന്നു. തസ്തികയിൽ തെറ്റുണ്ട് അതിനാലാണ് തിരുത്ത്. വാർത്തയിൽ മറ്റു തിരുത്തലില്ല.**

## മഹാത്മാഗാന്ധി സർവകലാശാല ആറാം സെമസ്റ്റർ ബിരുദ പരീക്ഷകൾ ജൂൺ ഒന്നിന് പുനരാരംഭിക്കും

**- രജിസ്റ്റർ ചെയ്ത വിദ്യാർഥികൾക്ക് നിലവിൽ താമസിക്കുന്ന ജില്ലയിൽ പരീക്ഷയെഴുതാം**

**- അഞ്ചാം സെമസ്റ്റർ യു.ജി. പ്രൈവറ്റ് പരീക്ഷകൾ ജൂൺ എട്ടു മുതൽ**

കോവിഡ് 19 വ്യാപനത്തെത്തുടർന്ന് മാറ്റിവച്ച മഹാത്മാഗാന്ധി സർവകലാശാല ആറാം സെമസ്റ്റർ ബിരുദ പരീക്ഷകൾ ജൂൺ ഒന്നിന് പുനരാരംഭിക്കാൻ തീരുമാനിച്ചു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെ അധ്യക്ഷതയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗത്തിലാണ് തീരുമാനം. ജൂൺ 1,3,5,6 തീയതികളിലായി ആറാം സെമസ്റ്റർ ബിരുദ പരീക്ഷകൾ പൂർത്തീകരിക്കും.

ലോക്ഡൗൺ മൂലം മറ്റു ജില്ലകളിൽ അകപ്പെട്ട വിദ്യാർഥികൾക്ക് നിലവിൽ താമസിക്കുന്ന ജില്ലയിൽ പരീക്ഷയെഴുതുന്നതിന് രജിസ്ട്രേഷൻ പൂർത്തീകരിച്ചിരുന്നു. രജിസ്റ്റർ ചെയ്തവർക്ക് നിലവിൽ താമസിക്കുന്ന ജില്ലയിലെ പരീക്ഷകേന്ദ്രത്തിൽ പരീക്ഷയെഴുതാൻ സൗകര്യമൊരുക്കും. ജൂൺ 8,9,10 തീയതികളിൽ പ്രാക്ടിക്കൽ പരീക്ഷകൾ അതത് കോളജുകളിൽ നടക്കും. പ്രൊജക്ട്, വൈവ എന്നിവ ഒരു ദിവസം കൊണ്ട് അതത് കേന്ദ്രങ്ങളിൽ പൂർത്തീകരിക്കും. ജൂൺ 12ന് പ്രാക്ടിക്കൽ പരീക്ഷകളുടെ മാർക്ക് സർവകലാശാലയ്ക്ക് നൽകണം. കോവിഡ് 19 വ്യാപന സാഹചര്യത്തിൽ പ്രാക്ടിക്കൽ പരീക്ഷകൾക്ക് ഇത്തവണ എക്സ്റ്റേണൽ എക്സാമിനർമാരെ നിയമിക്കില്ല. അതത് കോളജിലെ അധ്യാപകർക്കാണ് ചുമതല. ജൂൺ 11 മുതൽ ഹോംവാല്യുവേഷൻ രീതിയിൽ മൂല്യനിർണയം ആരംഭിക്കും.

അഞ്ചാം സെമസ്റ്റർ പ്രൈവറ്റ് ബിരുദ പരീക്ഷകൾ ജൂൺ 8,9,10,11,12 തീയതികളിലായി നടക്കും. രണ്ടാം സെമസ്റ്റർ ബിരുദ പരീക്ഷകൾ ജൂൺ 15ന് ആരംഭിക്കും. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഈ വർഷം രണ്ടാം സെമസ്റ്റർ ബിരുദ പരീക്ഷകളുടെ മൂല്യനിർണയം അതതു കോളജുകളിൽ നടത്താൻ തീരുമാനിച്ചു. കോളജിലെ മുതിർന്ന അധ്യാപകനെ പരീക്ഷചീഫായി നിയോഗിക്കും. ജൂൺ ഒന്നിന് പരീക്ഷ ആരംഭിക്കുന്നതിനാൽ കോളജുകൾ പരീക്ഷ നടത്തിപ്പിനാവശ്യമായ തയാറെടുപ്പുകൾ അടിയന്തരമായി നടത്തണമെന്ന് വൈസ് ചാൻസലർ അറിയിച്ചു. സർക്കാരിന്റെയും ആരോഗ്യവകുപ്പിന്റെയും നിർദേശങ്ങൾ കർശനമായി പാലിച്ചാണ് പരീക്ഷ നടത്തുക. ഇതിനായി കോളജുകൾക്ക് നിർദേശം നൽകും.

സർവകലാശാല അന്തർസർവകലാശാല കേന്ദ്രങ്ങളുടെ പ്രവർത്തനം പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി വിദഗ്ധസമിതിയെ നിയോഗിക്കും. സർവകലാശാലയിൽ ഐ.ടി. സെൽ തുടങ്ങും. വിദ്യാർഥി പ്രവേശനവുമായി ബന്ധപ്പെട്ട് വിദ്യാർഥികളിൽനിന്നോ രക്ഷകർത്താക്കളിൽനിന്നോ അനധികൃതമായി ധനസമാഹരണം പാടില്ലെന്ന ഉത്തരവുകളും വ്യവസ്ഥകളും ലംഘിച്ച കൊച്ചിൻ കോളജ് മാനേജരെ നീക്കം ചെയ്യാൻ തീരുമാനിച്ചു. ഇതു സംബന്ധിച്ച് നിയോഗിച്ച അന്വേഷണകമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി.

## പ്രിൻസിപ്പൽമാരുമായി വീഡിയോ കോൺഫറൻസ്

പരീക്ഷ നടത്തിപ്പ് അടക്കമുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളജ് പ്രിൻസിപ്പൽമാരുമായി വൈസ് ചാൻസലർ ഉടൻ വീഡിയോ കോൺഫറൻസ് നടത്തും. സർവകലാശാലയ്ക്ക് കീഴിലുള്ള പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, ആലപ്പുഴ എന്നിവിടങ്ങളിലെ കോളജ് പ്രിൻസിപ്പൽമാരുടെ വീഡിയോ കോൺഫറൻസ് ജില്ല തിരിച്ചാണ് നടക്കുക.

(പി.ആർ.ഒ/39/507/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ